## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം : T 5991** 04.11.2016 ലെ മറുപടിക്ക്

## ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. റ്റി.വി. രാജേഷ് :<br>ശ്രീ. എം.രാജഗോപാലൻ :<br>ശ്രീമതി യു.പ്രതിഭ ഹരി : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും സാംസ്കാരിക വിനിമയത്തിനും ഗ്രന്ഥശാലകൾ വഹിക്കുന്ന പങ്ക് അവലോകനം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗ ഗ്രന്ഥശാലകളിലൂടെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നത്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവരെ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ ബന്ധിപ്പിക്കുന്നു. കുട്ടികൾക്കായി ഗ്രന്ഥശാലകളോട് ബന്ധപ്പെട്ട് ബാലവേദി, സ്ത്രീകൾക്കായി വനിതാവേദി, യുവാക്കൾക്കായി യുവതാ, മുതിർന്ന പൗരന്മാർക്കായി ഗുരുസംഗമം, പെയിൻ & പാലിയേറ്റീവ് യൂണിറ്റുകളായ സാന്ത്വനം, ജൈവ കൃഷിയിടങ്ങൾ, തൊഴിലാളികൾക്കായി തൊഴിലാളി സന്ധ്യ, ആദിവാസി മേഖലകളിൽ ട്രൈബൽ ലൈബ്രറികൾ, ചലച്ചിത്ര ക്ലബ്ബുകൾ, സെമിനാറുകൾ, പൊതുപരിപാടകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സാംസ്കാരിക വിനിമയത്തിനും സർവ്വതോന്മുഖമായ സാമൂഹിക വളർച്ചയ്ക്കും ഉപകരിച്ചിട്ടുണ്ട്. കേരളം അനേകം വർഷങ്ങൾകൊണ്ട് ഈട്ടുവയ്പായി കരുതുന്ന മാനവീയ സംസ്കാരത്തിന്റെ കാവലിന് ഗ്രന്ഥശാലകളെയാണ് ഏവരും ഉറ്റുനോക്കുന്നത്. അതിനാൽ |

(തുടർച്ച....2)

മൂല്യച്യുതിയ്ക്കെതിരായ പ്രതിരോധം സൃഷ്ടിക്കുന്നതിൽ ഗ്രന്ഥശാലകൾ പ്രത്യേകം പരിഗണന നൽകുന്നുണ്ട്.

(ബി) വിദ്യാഭ്യാസ ബഡ്ജറ്റിന്റെ ഒരു ശതമാനം ഗ്രന്ഥശാലകൾക്ക് ഗ്രാന്റായി നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയത് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) & (സി) വിദ്യാഭ്യാസ ബഡ്ജറ്റിന്റെ ഒരു ശതമാനത്തിൽ കവിയാത്ത സംഖ്യ ഗ്രാന്റായി നൽകണമെന്നാണ് നിയമ വ്യവസ്ഥ. നിയമ ഭേദഗതി വരുത്തിയാൽ മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

(ഡി) ഗ്രന്ഥശാലകളെ "ഡിജിറ്റലൈസ്" ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

(ഡി) ഗ്രന്ഥശാലകളെ ആധുനികവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഗ്രന്ഥശാലകളെ നെറ്റ് വർക്ക് ചെയ്ത് ലൈബ്രറി മാനേജ് മെന്റ് സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ